**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 175** **07.03.2018 ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | | **ശ്രീ.പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
| (എ) | ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ; | (എ) | ഐ ടി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുമായി സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ / ഐ.ടി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജന സേവനത്തിന് പ്രയോജനകരമാകുന്നതിനും വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനായി ഐ.ടി. / വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.<br>യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ വികസനം എന്നിവയിലൂന്നിയുള്ള മാനവശേഷി വികസനത്തിന് പ്രാധാന്യം നൽകി, വിവിധ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കി വരുന്നു. തൊഴിൽദാതാക്കൾ പ്രതീക്ഷിക്കുന്ന മികവുകളും, കഴിവുകളും സ്വായത്തമാക്കുവാൻ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തി തൊഴിൽ സാധ്യത |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനുമായി എസ്.ഡി.പി.കെ (സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം - കേരള) എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ 'കേരള ഐ.ടി. പാർക്കുകൾ' എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് - തിരുവനന്തപുരം, ഇൻഫോപാർക്ക് - കൊച്ചി, സൈബർപാർക്ക് - കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി / ഐ.ടി.ഇ.എസ് സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനവും പുരോഗമിച്ചു വരുന്നു. ഭാവിയിലെ വികസന സാങ്കേതിക വിദ്യകളായ ബ്ലോക്ക് ചെയിൻ സൈബർ സെക്യൂരിറ്റി, കൊഗ്നിറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി, സ്പെയ്സ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് സെന്റർ ഓഫ് എക്സലൻസ് ആയി നോളജ് സിറ്റി വിഭാവന ചെയ്തിട്ടുള്ളതും ആയത് ടെക്നോസിറ്റിയിൽ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>കൂടുതൽ സാങ്കേതിക സ്റ്റാർട്ടപ്പ് കമ്പനികൾ തുടങ്ങുന്നതിലൂടെയും നിലവിലുള്ള സ്റ്റാർട്ടപ്പ് കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെയും പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവരുന്നു. |
| (ബി) | സ്റ്റാർട്ട്അപ്പ് ഇൻകുബേറ്ററുകളും ആക്സിലറേറ്ററുകളും തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് ഐ.ടി. വകുപ്പ് സ്വീകരിക്കുന്നത്; | (ബി) | കൂടുതൽ ഇൻകുബേറ്ററുകളും ആക്സിലറേറ്ററുകളും തുടങ്ങുക എന്നത് സംസ്ഥാന സർക്കാരിന്റെ സ്റ്റാർട്ടപ്പ് നയത്തിൽ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ എന്നിവ ആരംഭിക്കുന്നതിനും നടത്തിപ്പിനുമായി വിവിധ സഹായങ്ങൾ |

| | | | |
|---|---|---|---|
| | | | നല്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി IAMAI യുടെ കൂടി സഹകരണത്തോടെ കോഴിക്കോട് ഒരു മൊബൈൽ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൊച്ചിയിലെ ഇലക്ട്രോണിക് ഇൻകുബേറ്ററിന്റേയും ബയോടെക് ഇൻകുബേറ്ററിന്റേയും പ്രവർത്തനം വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുതായി ഏകദേശം 80 ഓളം കമ്പനികൾ ഇവിടങ്ങളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കാസറഗോഡ് ജില്ലാപഞ്ചായത്തുമായി സഹകരിച്ച് ഒരു ഓപ്പൺ ഇന്നവേഷൻ സോൺ ആൻറ് ഇൻകുബേറ്റർ നടപ്പ സാമ്പത്തികവർഷം സ്ഥാപിച്ചിട്ടുണ്ട്. കേരള ക്ലേയ്സ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡുമായി സഹകരിച്ച് കണ്ണൂരിൽ 23000 ചതുരശ്ര അടി സ്ഥലത്ത് ഒരു ഇൻകുബേറ്റർ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (സി) | സ്റ്റാർട്ട്അപ്പുകൾക്ക് സഹായം നല്കുന്നതിനുള്ള കാലപരിധി നിലവിൽ എത്രയാണെന്ന് അറിയിക്കുമോ; | (സി) | ബയോ ടെക്നോളജി മേഖലയിൽ കമ്പനി രജിസ്റ്റർ ചെയ്തതു മുതൽ 10 വർഷവും മറ്റു മേഖലകളിൽ 7 വർഷവും വരെയും 25 കോടിയിൽ താഴെ വാർഷിക വരുമാനവുമുള്ള കമ്പനികളെ സ്റ്റാർട്ടപ്പായി തീരുമാനിച്ചിട്ടുള്ളതും ഈ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായത്തിന് അർഹതയുള്ളതുമാണ്. |
| (ഡി) | ഇൻകുബേറ്ററുകൾക്ക് ഏതൊക്കെ തരത്തിലുള്ള പിന്തുണയാണ് നല്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസറഗോഡ് എന്നിവിടങ്ങളിൽ കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്ററുകൾ നിലവിലുണ്ട്. കൂടാതെ സാങ്കേതിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി നടത്തിവരുന്നതും പുതുതായി ആരംഭിക്കുന്നതുമായ ഇൻകുബേറ്ററുകൾക്ക് വിവിധ തരത്തിലുള്ള സഹായം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**